(ഇ) ആയതിനുവേണ്ടി അടുത്ത ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 308.

(ബി) 167 ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്.

(സി) ഇതിനായി എല്ലാ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. ടി തുക വിനിയോഗിച്ച് കെട്ടിടം നിർമ്മാണം നടത്താറുണ്ട്. അല്ലാതെ ഇതിനുവേണ്ടി പ്രത്യേകിച്ച് പദ്ധതിയൊന്നുമില്ല.

(ഡി) ഉണ്ട്. ഇതിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) 2005-2006 സാമ്പത്തിക വർഷത്തിൽ ഇതിനായി ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ വച്ചിട്ടുണ്ട്.

## വികസന പരിപാടികൾക്ക് കേന്ദ്രസഹായം

123 [313] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ വിവിധ ഗ്രാമവികസന പരിപാടികളിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചു;

(സി) ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക ഉപയോഗിക്കാതെ ലാപ്സായിപ്പോയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ വിവിധ ഗ്രാമവികസന പരിപാടികൾക്ക് 17,450.71 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ബി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആനുപാതിക സംസ്ഥാന വിഹിതമായി 4,549.31 ലക്ഷം രൂപ അനുവദിച്ചു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക ലാപ്സായിപോയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly